പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 60 | 30.11.2015 ൽ മറുപടിയ്ക്ക്

**ഗുണ്ടാസംഘം കൊലപ്പെടുത്തിയ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) 13.11.2015 -ൽ ചേർത്തല ഒറ്റമശ്ശേരിയിൽ വച്ച് ഗുണ്ടകൾ ടിപ്പർ ലോറി കയറ്റി കൊലപ്പെടുത്തിയ പട്ടണക്കാട് പഞ്ചായത്തിൽ കൂട്ടുങ്കൽ തയ്യിൽ ജോൺസൺ, കളത്തിൽ വീട്ടിൽ സുബിൻ എന്നീ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഗുണ്ടാസംഘങ്ങളുടെയും അക്രമി-ക്വട്ടേഷൻ സംഘങ്ങളുടെയും ഭീഷണി പോലീസിനെ അറിയിച്ചിട്ടും നടപടി സ്വീകരിക്കാതെ ഇപ്രകാരം രണ്ടു ജീവൻ അപഹരിക്കാൻ സാഹചര്യം ഒരുക്കിയ പോലീസിന്റെ വീഴ്ച പരിഗണിച്ച് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തിരമായി സാമ്പത്തിക സഹായം അനുവദിക്കുമോ? | (എ) & (ബി) ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടേയും തുടർന്നുള്ള സംഭവങ്ങളുമായും ബന്ധപ്പെട്ടുള്ള പോലീസിന്റെ അന്വേഷണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ളതിന് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ